## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7846 16/07/2014-ൽ മറുപടിക്ക്

# ഡാം സുരക്ഷാ പ്രവർത്തനങ്ങൾക്കായി പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.എ.വാഹീദ്<br>,, സണ്ണി ജോസഫ്<br>,,വി.പി. സജീന്ദ്രൻ<br>,, എം.പി. വിൻസെന്റ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കെ.എസ്.ഇ.ബി.യുടെ കീഴിലുള്ള ഡാമുകളുടെ സുരക്ഷാ പ്രവർത്തനങ്ങൾക്കായി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. കെ.എസ്.ഇ.ബി.യുടെ കൈവശമുള്ള ശബരിഗിരി, പൊരിങ്ങൽകുത്ത്, ഇടുക്കി, ഷോളയാർ നേര്യമംഗലം, പള്ളിവാസൽ, പന്നിയാർ, ഇടമലയാർ ചെങ്കുളം, കുറ്റ്യാടി, കക്കാട്, ലോവർ പെരിയാർ തുടങ്ങിയ 12 ജലവൈദ്യുത പദ്ധതികളുടെ പുനരുദ്ധാരണവും നവീകരണ പ്രവർത്തനങ്ങളും നടപ്പാക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ; | (ബി) ഡാമുകളുടെ പുനരുദ്ധാരണ ജോലികൾ, ഡാം സുരക്ഷാ ക്രമീകരണങ്ങളുടെ പ്രവർത്തന നിലവാരം ഉയർത്തുക, സുരക്ഷാ മാനദണ്ഡങ്ങൾ നടപ്പിൽ വരുത്തുക, ഉദ്യോഗസ്ഥർക്ക് ആവശ്യമായ സാങ്കേതിക പരിശീലനം ലഭ്യമാക്കുക, അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, മേൽനോട്ട സംവിധാനം ശക്തിപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നു. |
| (സി) എന്തെല്ലാം കേന്ദ്ര വിദേശ സഹായങ്ങളാണ് പദ്ധതിക്ക് ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) ലോകബാങ്കിന്റെ ധനസഹായത്തോടെയാണ് ടി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. |
| (ഡി) പദ്ധതി നിർവ്വഹണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) 18.04.2012 മുതൽ പദ്ധതി നിലവിൽ വന്നിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ടെണ്ടർ ചെയ്യുന്നതിനു മുന്നോടിയായി ഹൈഡ്രോളജി പുനരവലോകനം, ഡാമിന്റെ സ്ട്രക്ചറൽ പുനരവലോ |

(. . . 2)

കനം, ഡാം സുരക്ഷാ പുനരവലോകന സമിതിയുടെ പരിശോധനയും നിർദ്ദേശങ്ങളും, എസ്റ്റിമേറ്റുകൾ തയ്യാറാക്കൽ, ദർഘാസ് പ്രമാണങ്ങൾ തയ്യാറാക്കലും അവയുടെ അംഗീകാരവും, പദ്ധതിയുടെ പുനരുദ്ധാരണ പ്രവർത്തന ടെംപ്ലേറ്റ് തയ്യാറാക്കലും അംഗീകാരവും തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായിട്ടുള്ള വിവിധ ഡാമുകളുടെ മുകളിൽ പ്രസ്താവിച്ച പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. ശബരിഗിരി പദ്ധതിയുടെ ആദ്യഭാഗം പ്രവർത്തനങ്ങളുടെ ദർഘാസ് പ്രമാണങ്ങൾ കേന്ദ്ര ജല കമ്മീഷന്റെയും, ലോകബാങ്കിന്റെയും അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം കിട്ടുന്ന മുറയ്ക്ക് ഇ-ടെണ്ടർ ചെയ്യുന്നതാണ്. കൂടാതെ പൊരിങ്ങൽകുത്ത് പദ്ധതിയുടെ പുനരുദ്ധാരണപ്രവർത്തനങ്ങൾ ഈ വർഷം തന്നെ ടെണ്ടർ ചെയ്യുന്ന രീതിയിൽ പുരോഗമിക്കുന്നു. മറ്റു ഡാമുകളുടെ പദ്ധതിയിലുൾപ്പെട്ട പ്രവർത്തനങ്ങളും സമയ ബന്ധിതമായി പൂർത്തീകരിക്കുവാനുള്ള ശ്രമത്തിലാണ്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ